# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2233 — 26.03.2013ൽ മറുപടിക്ക്.

### എമർജിംഗ് കേരള -തുടർനടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഹൈബി ഈഡൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ; | എ) | എമർജിംഗ് കേരളയിലൂടെ കേരളത്തിൽ നിക്ഷേപത്തിനു നിരവധി കമ്പനികൾ /സംരംഭകർ മുന്നോട്ടു വരികയുണ്ടായി. ഈ കമ്പനികൾ സമർപ്പിച്ച പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് സൂക്ഷ്മ പരിശോധനക്കായി സർക്കാർ കൈമാറിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ പഠന വിധേയമാക്കിയശേഷം സർക്കാർ അനുമതി നൽകുന്നതാണ്. |
| (ബി) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട സംഗമത്തിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികളുടെ സാദ്ധ്യതാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | എമർജിംഗ് കേരളയിലൂടെ ആകെ 176 സംരംഭങ്ങളെ സംബന്ധിച്ച പദ്ധതി നിർദ്ദേശങ്ങളാണ് ഉയർന്ന് വന്നിട്ടുള്ളത് ഇവയുടെ വകുപ്പു തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (സി) എത്ര കോടി രൂപയുടെ പദ്ധതികളാണ് ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ; | സി) | വിവിധ വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. 12,000/- കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്ന ബി.പി.സി.എൽ വികസന പദ്ധതിയുടെ ശിലാസ്ഥാപനം 2013 ജനുവരിയിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി നിർവ്വഹിച്ചു. |
| ഡി) പദ്ധതികൾ സൂക്ഷ്മമായി പരിശോധിച്ചിട്ട് അനുമതി നൽകുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | ഈ പദ്ധതി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇവയുടെ തുടർനടപടികൾ അതത് വകുപ്പ് സെക്രട്ടറിമാർ മുഖേന നടത്തി വരുന്നു. ഇവയിൽ വ്യവസായ വകുപ്പിനു കീഴിലുള്ള 48 പദ്ധതി നിർദ്ദേശങ്ങളിൽ കെ.എസ്.ഐ.ഡി.സിയും കിൻഫ്രയും തുടർനടപടികൾ സ്വീകരിച്ചു വരുന്നു. പ്രാഥമിക പരിശോധനകൾക്കു ശേഷം ഈ പദ്ധതികളിൽ, 25 പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. ഇവയിൽ ബി.പി.സി എല്ലിന്റെ കൊച്ചി റിഫൈനറിയുടെ വികസന പദ്ധതിയ്ക്ക് 2013 ജനുവരിയിൽ ബഹു. പ്രധാനമന്ത്രി ശിലാസ്ഥാപനം നടത്തുകയുണ്ടായി. മറ്റു പദ്ധതികൾ ക്ലിയറൻസ്, ഡി.പി.ആർ തയ്യാറാക്കൽ എന്നീ ഘട്ടങ്ങളിലാണ്. ഇതുപോലെ മറ്റു വകുപ്പുകൾക്കു കീഴിൽ വരുന്ന പദ്ധതികളുടെ തുടർനടപടികൾ അതത് വകുപ്പുകൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | |
|---|---|
| വ്യവസായ വകുപ്പ് | - 48 |
| ടൂറിസം വകുപ്പ് | - 41 |
| ഉന്നത വിദ്യാഭ്യാസ വകുപ്പ് | - 20 |
| വൈദ്യുതി വകുപ്പ് | - 17 |
| ആരോഗ്യ വകുപ്പ് | - 14 |
| ശാസ്ത്ര സാങ്കേതിക വകുപ്പ് | - 11 |
| തുറമുഖ വകുപ്പ് | - 7 |
| തദ്ദേശ സ്വയംഭരണ വകുപ്പ് | - 7 |
| വിവരസാങ്കേതിക വകുപ്പ് | - 5 |
| തൊഴിൽ വകുപ്പ് | - 4 |
| കൃഷി വകുപ്പ് | - 1 |
| റവന്യു വകുപ്പ് | - 1 |
| | 176 |

Section Officer.